Roll No: 10

# എസ്.എസ്. എൽ.സി. മാതൃക ചോദ്യപേപ്പർ

**സമയം 1½ മണിക്കൂർ** **മാർക്ക്: 40**

## അടിസ്ഥാന പാഠാവലി

1. ഈ മലനാട്ടിൽ വായുവിലുണ്ടൊരു
മധുരോദാരവികാരം, മഞ്ഞാ-
ലീറനുടുത്തൊരു പാവനഭാവം.
(അടിവരയിട്ടിരിക്കുന്ന പദം വിഗ്രഹിച്ചെഴുതുക) 1 മാർക്ക്

2. **അർത്ഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കുക.**

പ്രപഞ്ചത്തിന്റെ മിഥ്യാത്വത്തിൽ ഭ്രമിച്ചു കർമ്മവിമുഖരായി അലസജീവിതം നയിക്കുന്ന ഇന്ത്യൻ സന്യാസിമാർക്ക് ശ്രീനാരായണഗുരുവിന്റെ സേവന സമർപ്പിതമായ ജീവിതം മഹത്തായൊരു മാതൃകയാകേണ്ടതാണ്. 2 മാർക്ക്

3. **മാനക (അച്ചടി ഭാഷ) ഭാഷയിലേക്ക് മാറ്റി എഴുതുക.**

"തമ്പ്ര, ഏനു നെല്ലൂകൂലി മാതി ചക്രം മേണ്ട,
അല്ല തമ്പ്രാ അത്തഴക്കരിക്കാടിക്കാ
ഹാരാ അത് ? "ഏനാടീ ഏനുമേണ്ട"
"എന്നാല് എന്നും കുടിക്കത്തില്ല"
"ഏനു വയറ്റില് ഒരു കമ്പിതമെടീ". 3 മാർക്ക്

4. താഴെ കൊടുത്തിരിക്കുന്ന വരികൾക്ക് യോജിച്ച എഴുത്തുകാരൻ, കൃതി എന്നിവ ബ്രായ്ക്കറ്റിൽ നിന്ന് തെരഞ്ഞെടുത്ത് എഴുതുക. 4 മാർക്ക്

(ഗാന്ധി, വൈലോപ്പിള്ളി, വി. മധുസൂദനൻ നായർ, വിട, അമ്മത്തൊട്ടിൽ അയ്യപ്പപ്പണിക്കർ, റഫീക്ക് അഹമ്മദ്, തത്തമ്മ)

| കവിത | എഴുത്തുകാർ | കൃതി |
|---|---|---|
| "നന്മകൾ കേട്ടതു കണ്ടതു<br>ചൊല്ലാൻ നാക്കിനു കഴിയട്ടെ" | | |
| "ഒന്നിതും കൊള്ളരുതാത്തവനെന്നവൾ<br>ഇനിയും പഴിപറഞ്ഞേക്കും, മടങ്ങാതെ<br>വയ്യ, തലയ്ക്കകത്തെന്തോ പെരുക്കുന്നു." | | |
| "നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ<br>ബിംബമീയാതിഥ്യശാലയിൽ ശോഭനം" | | |
| "മലയാളത്തറവാട്ടിന്നങ്കണ<br>മണി പീഠിത്തിലിരുത്തൂ-ഞങ്ങടെ<br>കൊച്ചു കിനാവുകൾ തേടിയലഞ്ഞുമ<br>ലർക്കളമെഴുതികാത്തോരരചനെ !" | | |

5. മധുരിക്കും ഓർമ്മകളേ
മലർ മഞ്ചൽ കൊണ്ടുവരൂ
കൊണ്ടുപോകൂ ഞങ്ങളെ-
യാ മാഞ്ചുവട്ടിൽ...മാഞ്ചുവട്ടിൽ

ഭൂരിപക്ഷം പേർക്കും ഇതെല്ലാം ഓർമ്മ മാത്രമായി മാറിയിട്ടുണ്ടാവും. സ്വന്തം നാടിനെക്കുറിച്ചുള്ള അഭിപ്രായം രൂപപ്പെടുന്നത് അനുഭവങ്ങളിലൂടെയല്ലേ ? നാടിനെ കുറിച്ച് ഓർമ്മയിൽ നിറഞ്ഞ് നിൽക്കുന്ന ഒരു അനുഭവക്കുറിപ്പ് തയ്യാറാക്കുക. 4 മാർക്ക്

jiniantonyv@gmail.com 9946899557

താരതമ്യക്കുറിപ്പ് തയ്യാറാക്കുക

6. “അയലു തഴപ്പതിനായ് അതിപ്രയത്നം
തലമറിയും നരനാചരിച്ചിടേണം”. ശ്രീനാരായണഗുരു.
“നീ നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക” ബൈബിൾ

ഉദ്ധരണികളുടെ ആശയം ‘കോഴിയും കിഴവിയും’ എന്ന കഥയിലെ ആശയവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. 4 മാർക്ക്

**കത്ത് തയ്യാറാക്കുക** 4 മാർക്ക്

7. ആരുവായിക്കുമീമായുമെഴുത്തുകൾ
ആരുടെ നാവിലുയിർക്കുമീച്ചൊല്ലുകൾ
നാളെയിക്കുട്ടികൾ ചോദിക്കുമോ
നമ്മളാരുടെ കുട്ടികൾ ?

മുകളിലെ വരികളുടെ ആശയങ്ങൾ ഉപയോഗപ്പെടുത്തി മാതൃഭാഷ തിരിച്ചുപിടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കേരള വിദ്യാഭ്യാസ മന്ത്രിയ്ക്ക് ഒരു കത്ത് തയ്യാറാക്കുക.

**വിശകലനക്കുറിപ്പ് തയ്യാറിക്കുക** 4 മാർക്ക്

8. “എങ്ങിന കൊണ്ടിരിക്കേണ്ടു സ്വയം ബുദ്ധി-
കെട്ടു കരിന്തിരിയാളും വരെയവർ
ഒന്നെന്നെ കൊണ്ടു പോയീടേണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ ?”

വരികളുടെ ആശയം സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി വിശകലന കുറിപ്പ് തയ്യാറാക്കുക.

**ഉപന്യാസം തയ്യാറാക്കുക** 4 മാർക്ക്

9. “അയാളുടെ തയ്യൽക്കടയിൽ റേഡിയോ പ്രവർത്തിച്ചു തുടങ്ങിയ കാലം ആറാട്ടുകുന്നിന്റെ ചരിത്രത്തിൽ ഒരു സംഭവം തന്നെയായിരുന്നു. പാട്ടുകേൾക്കാനും വാർത്തകൾ അറിയാനുമൊക്കെയായി ദൂരത്തുനിന്നുള്ളവർ പോലും അവിടെയെത്തിച്ചേർന്നു.”

“ഈ റേഡിയോം പാട്ട്വൊക്കെ ഇനിക്കത്ര പിട്ത്തല്യാ. മന്ഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടേള് ! ആ നേരം വല്ല പണീം എടുത്താല് നാല് കാശുണ്ടാക്കാം !”

“കഥാപാത്രം, മനോഭാവം, സന്ദർഭം, ആശയം എന്നിവ പരിഗണിച്ച് “സമൂഹജീവിതത്തിലെ മൂല്യബോധങ്ങൾ” എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**മുഖപ്രസംഗം തയ്യാറാക്കുക** 4 മാർക്ക്

10. “പണ്ട് പത്രപ്രവർത്തകർ മിഷിനറി മാത്രമായിരുന്നു; ഇന്നവർ കൂലിപ്പട്ടാളക്കാരാണ്” - രാംനാഥ് ഗോയങ്ക.

വാല്മീകിയും മേലധികാരിയും ഒരേ വേദിയിൽ പ്രസംഗിച്ചാൽ വാല്മീകിക്ക് അരക്കോളവും മേലധികാരിക്ക് രണ്ട് കോളവും എന്ന നിലയിൽ വാർത്തകൊടുക്കുന്ന കാലമാണിത്”

വാചകമേള, മലയാള മനോരമ 1.2.97

“പത്രപ്രവർത്തനം ഒരു കലയാണ്; സേവനമാണ്; വ്യവസായമാണ് മറ്റു താത്പര്യങ്ങൾ ആ കലയെ വികലമാക്കാതെ ശ്രദ്ധിക്കേണ്ട ചുമതല എല്ലാ പത്രപ്രവർത്തകർക്കുമുണ്ട്”. എൻ. രാമചന്ദ്രൻ

ആധുനിക കാലത്ത് പത്രങ്ങൾ വേണ്ടത്ര വിമർശിക്കപ്പെടുന്നുണ്ടോ ? പ്രസ്താവനകൾ പരിഗണിച്ച് ഒരു മുഖപ്രസംഗം തയ്യാറാക്കുക.

11. **ആസ്വാദനം തയ്യാറാക്കുക**

അച്ഛനോട്
മുത്തശ്ശിക്കഥ കേൾപ്പിച്ചില്ല
പൊട്ടൻതെയ്യം കാണിച്ചില്ല
മണ്ണിലിറക്കിയില്ല
മലയാളം തൊടിച്ചില്ല
വേരുകളും കന്നിക്കൊയ്ത്തും
പാവങ്ങളും അയൽക്കാരും
കൺവെട്ടത്തേ വന്നില്ല

jiniantonyv@gmail.com 9946899557

കുറുന്തോട്ടിയും ശതാവരിയും
തിരിച്ചറിഞ്ഞില്ല
ആഴവും ഒഴുക്കും അനുഭവിച്ചില്ല
മത്സരങ്ങളിൽ ഞാൻ
ആർത്തിപുരണ്ട അമ്പ്
ഉത്സവങ്ങളിൽ ആർക്കും കയ്യെത്താത്തിടമ്പ്
ചെറുപ്പത്തിലേ തന്നത്
വാഷിങ്ടണിലേക്കുള്ള
സ്വപ്നവിമാനത്തിന്റെ ടിക്കറ്റ്
സിലിക്കൺ താഴ്‌വരയിൽ
അമ്പതുനില ഫ്ളാറ്റിന്റെ
തീറാധാരം
എന്നിട്ടിപ്പോൾ നിലവിളിക്കുന്നു
മക്കൾ
വൃദ്ധസദനത്തിലടച്ചെന്ന്

6 മാർക്ക്

jiniantonyv@gmail.com 9946899557